പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 553*　　　25.10.2011 ൽ മറുപടിക്ക്

# നഗരറോഡുകൾ വികസിപ്പിക്കുന്നതിന് കർമ്മപരിപാടികൾ

ചോദ്യം

ശ്രീ. വി. ഡി. സതീശൻ
ശ്രീ. കെ. അച്ചുതൻ
ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. വർക്കല കഹാർ

ഉത്തരം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പു മന്ത്രി)

(എ) നഗരറോഡുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(എ) നഗര റോഡുകൾ വികസിപ്പിക്കുന്നതിന് നഗര റോഡു വികസന പദ്ധതി (City Road Improvement Project) സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിശദമായ സാധ്യതാ പഠനത്തിന് ശേഷം നഗരങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ വികസനത്തിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്ക്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. ഇങ്ങനെയുള്ള നഗര റോഡു വികസന പദ്ധതി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പാക്കി വരുന്നു. ഇതു കൂടാതെ നഗര റോഡു വികസന പദ്ധതി കണ്ണൂർ, മലപ്പുറം, തൃശൂർ, കോട്ടയം എന്നീ നഗരങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി)ഇങ്ങനെ റോഡുകൾ വികസിപ്പിക്കുമ്പോൾ അവയുടെ ഇരുവശങ്ങളിലുമുള്ള പുരാതന നിർമ്മിതികൾ നിലനിർത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) വികസിപ്പിക്കുന്ന റോഡുകളുടെ ഇരു വശങ്ങളിലുമുള്ള പുരാതന നിർമ്മിതികളിൽ ചരിത്രപ്രാധാന്യമുള്ള (Heritage) നിർമ്മിതികൾ അതേപടി സംരക്ഷിക്കുവാനും അതുപോലെ ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങളും മറ്റും സംരക്ഷിക്കുവാനോ, അനുയോജ്യമായ സ്ഥലങ്ങളിൽ മാറ്റിസ്ഥാപിക്കുവാനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ഇതിന് പ്രത്യേക പദ്ധതി രൂപീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (സി) ഇത്തരം നടപടികൾ അതാത് നഗര വികസന പദ്ധതിയുടെ ഭാഗമായതിനാൽ ഇതിനു വേണ്ടി പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ